## 755

1 കുരിശിൻ നിഴലതിലിരുന്നു മമ നാഥനെ ധ്യാനിക്കവേ
ഹൃദയത്തിൻ വിനകളാകവേ ക്ഷണനേരത്തിൽ നീങ്ങിടുമേ

പാടും ഞാൻ നിത്യജീവനെ തന്നെന്നെ രക്ഷിച്ച
യേശുവിൻ സ്നേഹത്തെ ഒരുനാളും മറന്നിടാതെ

2 മരുവിൽ മറവിടമൊരുക്കും ഇരുൾ പാതയിലൊളി വിതറും
മരണത്തിൻ നിഴലിൽ ധൈര്യമായ് നിൽപ്പാൻ എനിക്കവൻ കൃപയരുളും

3 കഠിനവിഷമങ്ങൾ വരികിൽ കൊടുംക്ഷാമവും നേരിടുകിൽ
തിരുപ്പദം തിരയും ദാസരെ എന്നും ക്ഷേമമായ് പുലർത്തിടും താൻ-

4 മഹിയിൻ മഹിമകൾ വെറുത്തു അനുവേലവും ക്രൂശെടുത്തു
അനുഗമിച്ചിടും ഞാനിമ്പമായ് മനുവേലനെ മമ പ്രിയനെ-

5 നഭസ്സിൽ വരുമവൻ മഹസ്സിൽ ജയകാഹള നാദമോടെ
തിരുജനം വിരവിൽ ചേരുമേ നിത്യഭവനത്തിൽ തന്നരികിൽ- **G.P.**